**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** | **09-10-2024 - ൽ മറുപടിയ്ക്ക്**

**സൗജന്യ കുടിവെള്ള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള വിതരണം നടത്തുന്ന പദ്ധതി തുടരണമെങ്കിൽ അടിയന്തര സഹായം ആവശ്യമാണെന്ന് ജല അതോറിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് 123.88കോടി രൂപ അധിക നോൺ പ്ലാൻ ഗ്രാന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ജൽ ജീവൻ മിഷൻ പ്രകാരം നിലവിൽ എത്ര കുടുംബങ്ങൾക്കാണ് ഇപ്രകാരം സൗജന്യ കുടിവെള്ളം നൽകുന്നത്; സൗജന്യ കുടിവെള്ള പദ്ധതിയിൽനിന്നും പിന്മാറേണ്ടി വരുന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ജൽ ജീവൻ മിഷൻ പ്രകാരം നൽകിയ വാട്ടർ കണക്ഷനുകളിൽ നിലവിൽ 4,64,629 ബി.പി.എൽ കുടുംബങ്ങൾക്കാണ് കണക്ഷൻ നൽകിയിട്ടുള്ളത്.<br><br>ഇവരിൽ 15,000 ലിറ്ററിന് താഴെ പ്രതിമാസം ജല ഉപയോഗം ഉള്ള ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് കേരള വാട്ടർ അതോറിറ്റി സൗജന്യമായാണ് കുടിവെള്ളം നൽകി വരുന്നത്.<br><br>2023-ൽ വാട്ടർ ചാർജ് വർദ്ധനവ് വരുത്തിയതിനു ശേഷം ബി.പി.എൽ സബ്സിഡി പ്രയോജനപ്പെടുത്തുന്ന ഉപഭോക്താളുടെ എണ്ണത്തിലും നൽകുന്ന സബ്സിഡി തുകയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>2024 സാമ്പത്തിക വർഷത്തെ ബി.പി.എൽ ഇളവിനായി പത്ത് ലക്ഷത്തിലധികം പേർ അപേക്ഷിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പ്രതിമാസ ബി.പി.എൽ ഡിമാൻഡ് ഏകദേശം 10 മുതൽ 12 കോടി രൂപയോളം വരുമെന്നാണ് കണക്കാക്കുന്നത്. ബി.പി.എൽ ഉപഭോക്താക്കൾക്ക് സൗജന്യ കുടിവെള്ളം നൽകിയ ഇനത്തിൽ ചിലവായ തുക 06/2024 വരെ 138.21 കോടി രൂപയാണ്.<br><br>ബി.പി.എൽ സബ്സിഡിയ്ക്ക് തുല്യമായ തുക ഗ്രാന്റ് അനുവദിക്കുന്നതിനായി വാട്ടർ |

| | | | |
|---|---|---|---|
| | | | അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള വിതരണം നടത്തുന്ന പദ്ധതി തുടരുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള വിതരണം നടത്തുന്ന പദ്ധതി തുടർന്ന് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ